LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ ഹെൽത്ത് സെന്ററുകൾ

73 (3504) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എത്ര പ്രൈമറി ഹെൽത്ത് സെന്ററുകളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ഉണ്ടെന്ന് വ്യക്തമാക്കാമോ ; ഇവയിൽ അനുവദിച്ചിട്ടുള്ള തസ്തികകളും ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണവും വിശദമാക്കാമോ ;

(ബി) ഏതെങ്കിലും തസ്തികകൾ ഇനിയും അനുവദിക്കാൻ ഉണ്ടോ ; എങ്കിൽ ആയത് എത്രയും പെട്ടെന്ന് അനുവദിച്ച് ഒഴിവ് നികത്താനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 40 പ്രൈമറി ഹെൽത്ത് സെന്ററുകളും 9 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ഉണ്ട്. ഇവയിൽ അനുവദിച്ച തസ്തികകളുടെ എണ്ണം, ജീവനക്കാരുടെ എണ്ണം ഇവ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്ന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിൽ പകർച്ചവ്യാധി പിടിപെട്ടവർ

74 (3505) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ വിവിധ പകർച്ച വ്യാധികൾ പിടിപെട്ട് വിവിധ ആശുപത്രികളിൽ പ്രവേശിക്കപ്പെട്ട രോഗികൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെങ്കിലും രോഗികൾ മരണപ്പെട്ടിട്ടുണ്ടോ ; മരണപ്പെട്ട രോഗികൾ എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം താഴെപ്പറയുന്ന വർഷങ്ങളിൽ വിവിധ പകർച്ചവ്യാധികൾ പിടിപെട്ട് വിവിധ ആശുപത്രികളിൽ രോഗികൾ പ്രവേശിക്കപ്പെട്ടിട്ടുണ്ട്. (ഐ.പി. മാത്രം)

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വർഷം	വൈറൽ പനി	വയറിളക്ക രോഗങ്ങൾ എ.ഡി.ഡി.	ഡെങ്കിപ്പനി	എലിപ്പനി
2011	4679	984	38	68
2012	5804	1979	44	25
2013	6844	1762	167	63
2014	6500	2105	276	123
2015 (30-5-2015 വരെ)	3989	1160	204	22

(ബി) മരണങ്ങൾ

വർഷം	എലിപ്പനി	എ.ഡി.ഡി.	മഞ്ഞപ്പിത്തം എ	മഞ്ഞപ്പിത്തം ബി	എച്ച്1 എൻ1	ഡെങ്കിപ്പനി
2011	4	1	...	...	...	-
2012	...	2	1	4	2	-
2013	2	1	3	2	...	-
2014	4	1	2	2	2	-
2015	...	...	...	1	2	3

കൊയിലാണ്ടി മണ്ഡലത്തിലെ ഡോക്ടർമാരുടെ ഒഴിവുകൾ

75 (3506) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly